## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1229 11.02.2016 ൽ മറുപടിയ്ക്ക്

### കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ്

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; | കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ട കടുത്തുരുത്തി വില്ലേജിൽ സർവ്വെ നം.30/2 എ 1, 30/2 എ 2-ൽപ്പെട്ട 8.09 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് കൈമാറിയിട്ടുള്ളതിനാൽ ഭൂമി കൈമാറി ലഭിക്കുന്നതിന് വേണ്ടി, ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി സഹിതം അപേക്ഷിക്കുവാൻ കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥലമെടുക്കുന്നതിന് നിലനില്ക്കുന്ന തടസ്സം വ്യക്തമാക്കുമോ; ഇതു പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | സ്ഥലം കൈമാറി ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള എൻ.ഒ.സി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയാൽ ഭൂമി കൈമാറ്റ ശുപാർശ സർക്കാരിലേക്ക് അയക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | കോട്ടയം കളക്ടറേറ്റിൽ നിന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; 37294/റവന്യൂ എ/2014 നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ? | ശുപാർശ സഹിതമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്ന് ഭൂമി കൈമാറ്റ ശുപാർശ അനുബന്ധ രേഖകൾ സഹിതം ലഭ്യമാകുന്ന മുറയ്ക്ക് 37294/എ 1/14/റവ നമ്പർ ഫയലിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ